**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2854** **13-12-2022 - ൽ മറുപടിയ്ക്ക്**

**സൗര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി., അനെർട്ട് എന്നിവയിലൂടെ നടപ്പിലാക്കുന്ന സൗര പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. സൗരപദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്.<br><br>**സൗര ഫേസ് I (നോൺസബ്സിഡി) പദ്ധതി**:- എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന ഈ പദ്ധതിയിൽ നിലവിൽ 22.89 MW ന്റെ 1922 സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68MW-ന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.<br><br>**സൗര ഫേസ് II (സബ്സിഡി) പദ്ധതി:-** ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം പങ്കെടുക്കാനാവുന്ന ഈ പദ്ധതിയിൽ 1 മുതൽ 3 KW ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് നൽകി വരുന്നത്. 10 KW ന് |

| | | | |
|---|---|---|---|
| | | | മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW ന് മുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതിയിൽ 81.65 MW ന്റെ 22125 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പദ്ധതിയിൽ ഇതുവരെ 5800 പേർ ആകെ 22 MW ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 3871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അംഗീകൃത ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. 872 പേർ ആകെ 3.5 MW ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചു. |
| (ബി) | കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ഇ-കിരൺ' പോർട്ടലിലും അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' പോർട്ടലിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. സ്ഥല സൗകര്യമുള്ള LT 1A താരിഫ് കണക്ഷൻ ഉള്ള ആർക്കും ഈ പദ്ധതിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാൻറ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തി പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നു. |
| (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ സബ്സിഡി ഏത് രീതിയിലാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ള സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകൾ, ഇൻവെർട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉപഭോക്താവിന്റെ വീട്ടിൽ ലഭ്യമായതിനുശേഷം സബ്സിഡി കഴിഞ്ഞുള്ള തുക പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് ഉപഭോക്താവ് നല്കേണ്ടതാണ്. സോളാർ പ്ലാൻറ് കമ്മീഷൻ ചെയ്ത് അനുബന്ധരേഖകൾ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ പോർട്ടലിൽ ലഭ്യമാക്കുന്ന മുറയ്ക്ക് സബ്സിഡി കെ.എസ്.ഇ.ബി.എൽ മുഖേന പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്ക് നല്കുന്നു. |

സെക്ഷൻ ഓഫീസർ